താല്ക്കാലിക ജീവനക്കാരായ ഹരിജനങ്ങളെയും ഗിരിജനങ്ങളെയും സർവീസിൽ സ്ഥിരപ്പെടുത്താൻ നടപടി

414 [600] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജനഗിരിജന വർഷമായ 1984-85-ൽ താല്ക്കാലിക ജീവനക്കാരായ ഹരിജനങ്ങളെയും ഗിരിജനങ്ങളെയും സർവീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ അപ്രകാരം എത്ര പേരെ സർവീസിൽ സ്ഥിരപ്പെടുത്തി ;

(സി) ഓരോ ഡിപ്പാർട്ടുമെൻറിലും എത്ര വീതം ?

ഉത്തരം

(എ) ഹരിജന ഗിരിജനവർഷമായ 1984-85-ൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് 2-8-1984-ൽ സർവീസിലുണ്ടായിരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരായ താല്ക്കാലിക ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചുത്തരവായിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

അഡ്മിനിസ്ട്രേഷൻ ഭരണത്തിൻ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ

415 [602] ശ്രീ. ടി. കെ. അറുമുഖൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. എം. വി. രാഘവൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങൾ ഇപ്പോൾ അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിലുണ്ട് ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം ഒഴിവാക്കി പ്രസ്തുത സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 410.

(ബി) തെരഞ്ഞെടുപ്പ് നടത്തുന്നതിന് നടപടി എടുത്തു വരുന്നുണ്ട്.

മേലമ്പാറ സർവീസ് സഹകരണ ബാങ്ക്

416 [603] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ മേലമ്പാറ സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ (1985 വർഷത്തിലെ) ഗവൺമെൻറ് സ്റേറ ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അന്തിമ തീരുമാനം എടുക്കുവാൻ കാലതാമസം വരുത്തുന്നതിന് കാരണമെന്ത് ;

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസത്തിനു കാരണമെന്ത് ?

ഉത്തരം

(എ) ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം, ബാങ്ക് സെക്രട്ടറി 22-11-1985-ൽ പുറപ്പെടുവിച്ച ഏതാനും ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ് 27-11-1985-ൽ സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്. ഇതേ വിഷയത്തിൽ കോട്ടയം ജോയിന്റ് രജിസ്ട്രാർ പുറപ്പെടുവിച്ചിരുന്ന 26-11-1985-ലെ സ്റ്റേ ഉത്തരവ് പിൻവലിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ 31-12-1985-ലെ ഉത്തരവും സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്.

(ബി) മേൽ സൂചിപ്പിച്ച ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവിൻമേൽ സ്റ്റേ പുറപ്പെടുവിക്കുവാൻ കാരണമായ അപ്പീൽ ഹർജിയിൻമേൽ റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയം സർക്കാരിന്റെ സജീവ പരിഗണനയിൽ ഇരിക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വനിതാ സഹകരണ സംഘങ്ങളും ഹരിജൻ സഹകരണ സംഘങ്ങളും

417. [604] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) എത്ര ഹരിജൻ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട് ?

ഉത്തരം

(എ) 52.

(ബി) 528.

അമ്പലത്തറ കോ-ഓപ്പറേറ്റീവ് ആശുപത്രിയുടെ ഭരണസമിതി

418. [605] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അമ്പലത്തറ കോ-ഓപ്പറേറ്റീവ് ഗ്രൂപ്പ് ആശുപത്രിക്ക് ഇപ്പോഴും ഭരണസമിതി നിലവിലുണ്ടോ ;

(ബി) ഇപ്പോഴത്തെ ആർക്കാണ് ഭരണച്ചുമതല ;

(സി) ഈ സ്ഥാപനം കടുത്ത സാമ്പത്തിക ഞെരുക്കത്തിൽ ആണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനത്തെ സാമ്പത്തിക ഞെരുക്കത്തിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly